പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3566 19.02.13-ലെ മറുപടിയ്ക്ക്

# സെക്രട്ടേറിയറ്റിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി

ചോദ്യം

ശ്രീ. ബാബു.എം. പാലിശ്ശേരി

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി
(ബഹു.മുഖ്യമന്ത്രി)

| | | |
|---|---|---|
| (എ). | സംസ്ഥാനത്തെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നിലവിൽ എത്ര ഫയലുകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നുണ്ട് ; | (എ) 63,851 ഫയലുകൾ |
| (ബി) | സെക്രട്ടേറിയറ്റിന്റെ പ്രവർത്തനത്തിൽ കാര്യക്ഷമത വർദ്ധിപ്പിക്കുവാനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് IMG, ISTM ന്യൂഡൽഹി തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ സെക്രട്ടേറിയറ്റിലെ ചില വകുപ്പുകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ? | (സി) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പു സെക്രട്ടറിമാരും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം **'100 ദിന പരിപാടിയിൽ'** ഉൾപ്പെടുത്തി 2011 ജൂൺ മാസം മുതൽ സെപ്തംബർ വരെ **'തീവ്ര ഫയൽ തീർപ്പാക്കൽ പദ്ധതി'**യിലൂടെ ധാരാളം ഫയലുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമാഹൃത റിപ്പോർട്ടുകൾ തയ്യാറാക്കുകയും പഴക്കം ചെന്ന ഫയലുകൾ അടിയന്തിരമായി തീർപ്പാക്കാൻ പ്രസ്തുത റിപ്പോർട്ടുകളിലൂടെ എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്. |

സെക്ഷൻ ആഫീസർ